## പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3461**

**24.06.2013 -ലെ മറുപടിക്ക്**

## കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ ക്രിമിനൽ കേസ് പ്രതികൾ

| ചോദ്യം<br>ശ്രീമതി കെ.കെ. ലതിക | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കോഴിക്കോട് റൂറൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്നിൽ കൂടുതൽ ക്രിമിനൽ കേസ്സുകളിൽ പ്രതികളായ എത്ര പേരുണ്ടെന്നും അവർ ഏതൊക്കെ രാഷ്ട്രീയ പാർട്ടികളിൽ ഉൾപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ; | (എ) കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്നിൽ കൂടുതൽ ക്രിമിനൽ കേസ്സുകളിൽ പ്രതികളായ 10 പേരുണ്ട്. ഇതിൽ 4 സി.പി.എം. കാരും 3 കോൺഗ്രസ്സ് (ഐ) ക്കാരും 2 മുസ്ലീംലീഗ് കാരും ഒരു ബി.ജെ.പി. പ്രവർത്തകനും ഉൾപ്പെടുന്നു. |
| (ബി) ഇവരിൽ ഏതു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവർക്കെതിരെയാണ് കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ നിയമ പ്രകാരം നടപടി എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) ഇവരിൽ സി.പി.എം. കാരായ 2 ഉം, മുസ്ലീംലീഗ്കാരായ 2 ഉം കോൺഗ്രസ്സ് പ്രവർത്തകനായ ഒരാളും ഉൾപ്പെടെ 5 പേർക്കെതിരെ KAAP Act പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഒരു രാഷ്ട്രീയ പാർട്ടിയിൽ മാത്രംപെട്ട പ്രതികൾക്കെതിരെ മേൽ നിയമപ്രകാരം നടപടി എടുക്കുകയും മറ്റ് രാഷ്ട്രീയ കക്ഷികളിൽപ്പെട്ട പ്രതികളെ ഒഴിവാക്കുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ഒരു രാഷ്ട്രീയ പാർട്ടിയിൽ മാത്രംപെട്ട പ്രതികൾക്കെതിരെ KAAP Act പ്രകാരം നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ നിയമാനുസരണമാണ് പോലീസ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ